പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 290 — 26.02.2018 -ൽ മറുപടിക്ക്.

# വിശപ്പ് രഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് 'വിശപ്പ് രഹിത കേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കി; എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) & (ബി) വിശപ്പുരഹിത കേരളം പദ്ധതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുളളത്. ആലപ്പുഴ ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനുളള നടപടി ഏറെക്കുറെ പൂർത്തിയായി കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയിൽ പങ്കാളിയാകാൻ ആഗ്രഹമുളള സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളിൽ ഏറ്റവും കുറവ് അടങ്കൽ തുക രേഖപ്പെടുത്തിയ ഗാന്ധി സ്മാരക നിധിയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ടി സംഘടനയെ തിരുവനന്തപുരം ജില്ലയിലെ പദ്ധതി നടത്തിപ്പിനുളള ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ തിരുവനന്തപുരം ജില്ലയിലും പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ